# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 5332

31.10.2016-ൽ
മറുപടിയ്ക്ക്

## ഭക്ഷ്യ സംസ്കരണ മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>ശ്രീ.തോമസ് ചാണ്ടി | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കേന്ദ്ര ഭക്ഷ്യ സംസ്കരണ മിഷന്റെ ചുവട് പിടിച്ച് കേരള സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷൻ ഇന്നേവരെ രൂപീകരിക്കപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) നാഷണൽ മിഷൻ ഓൺ ഫുഡ് പ്രോസ്സസിംഗ് (NMFP) ന്റെ കീഴിൽ കേരള സർക്കാർ സംസ്ഥാന ഭക്ഷ്യസംസ്കരണ മിഷൻ (SFPM) എന്ന പദ്ധതി രൂപീകരിച്ചിരുന്നുവെങ്കിലും കേന്ദ്ര സർക്കാർ പ്രസ്തുത സ്കീം നിർത്തലാക്കിയ സാഹചര്യത്തിൽ കേരള സർക്കാർ സംസ്ഥാന ഭക്ഷ്യസംസ്കരണ മിഷൻ (SFPM) കേരളയുടെ പ്രവർത്തനവും നിർത്തി. |
| ബി) ചെറുകിട ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, ഹോട്ടലുകൾ, തട്ടുകടകൾ എന്നിവയ്ക്ക് ഭക്ഷ്യ സംസ്കരണ മിഷന്റെ പദ്ധതികളിലുൾപ്പെടുത്തി സഹായങ്ങൾ നല്കാനാകുമോയെന്ന് വിശദമാക്കുമോ; | ബി) സംസ്ഥാന സർക്കാർ ഭക്ഷ്യ സംസ്കരണ മിഷൻ നിർത്തലാക്കിയെങ്കിലും ഭക്ഷ്യ സംസ്കരണ വ്യവസായ സംരംഭകരെ സഹായിക്കാനായി എൻടർപ്രണർ സപ്പോർട്ട് സ്കീം (ESS) എന്ന ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പക്ഷെ ഹോട്ടലുകളും തട്ടുകടകളും ഈ സ്കീമിന്റെ പരിധിയിൽ വരുന്നില്ല. |
| സി) കേന്ദ്ര ഭക്ഷ്യ സംസ്കരണ മിഷനിൽ നിന്ന് ഇന്നേവരെ ലഭിച്ച സബ്സിഡി സഹായങ്ങൾ എങ്ങനെയാണ് വിനിയോഗിച്ചതെന്ന് വിശദമാക്കുമോ; | സി) 2012 ഏപ്രിൽ 1 മുതൽ 2015 ഏപ്രിൽ 1വരെ കാലയളവിൽ സർക്കാർ സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷന് (SFPM) 11.14 കോടി രൂപ ധനസഹായം കേന്ദ്രത്തിൽ നിന്നും ലഭിച്ചിരുന്നു. ആ തുക മുഴുവനും നാഷണൽ മിഷൻ ഓൺ ഫുഡ് പ്രോസ്സസിംഗ് (NMFP) സ്കീമിന്റെ വിവിധ പദ്ധതികൾക്കായി വിനിയോഗിച്ചു. ഇതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്.<br>• 9.32 കോടി രൂപ 23 വിവിധതരം ഭക്ഷ്യ സംസ്കരണ ശാലകൾ സ്ഥാപിക്കുന്നതിന് ധനസഹായവും |

- 0.48 കോടി രൂപ കേരളത്തിലുടനീളം 48 സംരംഭവത്ക്കര വികസന (EDP) പരിപാടികൾ നടത്താനും
- 0.65 കോടി രൂപ ഭക്ഷ്യ സംസ്കരണത്തെ സംബന്ധിച്ചുള്ള പ്രോൽസാഹന പ്രവർത്തനങ്ങൾക്കായും
- 0.69 കോടി രൂപ ഭരണപരമായ ചിലവുകൾക്കും വിനിയോഗിച്ചു.

| | |
|---|---|
| ഡി) ഭക്ഷ്യ സംസ്കരണ രംഗത്തെ കാലാനുസൃതമായി നവീകരിക്കാനും യുവസംരംഭകരെയും കുടുംബശ്രീ ഉൾപ്പെടെയുള്ള വനിതാ സംരംഭക സംഘങ്ങളെയും ഈ രംഗത്തേയ്ക്ക് ആകർഷിക്കാനും എന്തൊക്കെ പദ്ധതികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) ഭക്ഷ്യ സംസ്കരണ രംഗത്തേക്ക് യുവസംരംഭകരെയും സ്ത്രീ സംരംഭകരേയും ആകർഷിക്കുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ചിട്ടുള്ള എൻടർപ്രണർ സപ്പോർട്ട് സ്കീം (ESS) ൽ ഇൻസന്റീവ്സ് വകയിരുത്തിയിട്ടുണ്ട്.<br>• മൊത്തം മൂലധന നിക്ഷേപത്തിന്റെ 15%, 20 ലക്ഷം രൂപയിൽ കവിയാത്ത തുക സാമ്പത്തിക സഹായമായി ലഭിക്കും.<br>• മേൽ 15% പുറമേ - സ്ത്രീ സംരംഭകർക്കും യുവ സംരംഭകർക്കും 5% അധിക സഹായം, 30 ലക്ഷം രൂപയിൽ കവിയാത്ത തുക സാമ്പത്തിക സഹായം ആയി ലഭിക്കും. |

**സെക്ഷൻ ഓഫീസർ**